# കവിയച്ഛൻ

ഇ. മാധവൻ

കാലത്തിന്റെ അണക്കെട്ട് ഭേദിച്ച് ഓർമകൾ തിങ്ങിത്തള്ളിവരുമ്പോൾ, വിവേചനബുദ്ധിയോടെ ഒരു കുറിപ്പെഴുതാൻ പ്രയാസമാണ്. എന്നിരുന്നാലും, എന്നെ സ്വാധീനിച്ച അച്ഛന്റെ ചില ആശയങ്ങളും, സ്പർശിച്ച ചില അനുഭൂതികളും ഇവിടെ പകർത്തട്ടെ.

തന്റെ പിൻമുറക്കാർക്ക് പതറാതെ മുന്നോട്ടു പോകാൻ അച്ഛൻ കൊളുത്തിവെച്ച വഴിവിളക്കുകൾ അനേകം. പിൻതലമുറയുടെ ഉദാസീനത അവയിൽ പലതിനേയും കെടുത്തിയിരിക്കുന്നു. എങ്കിലും അച്ഛൻ നിരാശനാകും എന്നു തോന്നുന്നില്ല. ഭാവിയിലേക്ക് മുഴങ്ങുന്ന ശുഭാപ്തി വിശ്വാസമായിരുന്നു അച്ഛൻ. 'ഇനി എന്തും അസാധ്യം, എല്ലാം അവസാനിച്ചു' എന്നു തോന്നിക്കുന്ന ഘട്ടത്തിലും, മനുഷ്യസ്നേഹം ഒരു രക്ഷകനായി അവതരിച്ച് ജീവനെ നിലനിർത്തും എന്ന് അച്ഛൻ വിശ്വസിച്ചു. സ്വന്തം തേങ്ങലുയർത്തിയ മാറിൽ ചേർന്നുകിടക്കുന്ന നവജാതശിശു അപാരതയാണെന്നും താൻ ഒരു അണുമാത്രമാണെന്നും വസുദേവനിലൂടെ അച്ഛൻ അറിയുന്നു. ഇണയോടുള്ള സ്നേഹത്തിലുപരി 'പരിമൃദുപേലവമിതിനിനിയേകാലംബനം' താൻ മാത്രമാണെന്നുള്ള തിരിച്ചറിവ് ആ മനുഷ്യന് ദൈവീകശക്തി നൽകുന്നു:

'പൊട്ടീ ചങ്ങല താനേ കാലിൽ
കട്ടിയിരുമ്പഴി നീങ്ങീ മുന്നിൽ
കുറ്റാകുറ്റിരുളിൻ ഹൃദയത്തിൽ
കുളിർമതിലേഖക്കിതളു വിരിഞ്ഞു
ദുർവിഷ മസ്തക മസ്തമദം ഹ, ഹ
കുടചൂടിച്ചു, വർഷ വിജൃംഭിത
ദുരോഘയാം നദിയിരു പാർശ്വങ്ങളിൽ
മതിലു പടുത്തെൻ മാർഗമൊരുക്കി!'
(വസുദേവൻ)

ജീവനെന്ന അപാരതയെ, അനർഘതയെ കാത്തു സൂക്ഷിക്കാനുള്ള ദൗത്യവും ത്രാണിയും മനുഷ്യനെന്ന അണുവിനു വിധിച്ചിട്ടുണ്ടെന്ന അച്ഛന്റെ ധാരണക്ക് ആസ്പദം, മർത്ത്യൻ ശക്തനും സുന്ദരനുമാണെന്ന ദൃഢവിശ്വാസമായിരുന്നു. പിതൃനിർവ്വിശേഷമായ വാത്സല്യം അടിയൊഴുക്കായുള്ള ആ വിശ്വാസപ്രമാണങ്ങൾ, ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ശാശ്വതസത്യങ്ങളായി വിളങ്ങുന്നു. സ്വാതന്ത്ര്യപ്രാപ്തിയിൽ 'മൃഗത്തെയും മർത്യനെയും ഇണക്കും കണ്ണിയാമർദ്ധമൃഗം' എന്ന് സ്വയം വിശേഷിപ്പിച്ച അച്ഛൻ, ആ അവസ്ഥ നൽകിയ ഉൾക്കാഴ്ചയോടെ, ഒരു തിരിച്ചുപോകലിനെതിരെ കരുതിയിരിക്കാൻ ഉപദേശിക്കുന്നുണ്ട്. രാഷ്ട്രീയത്തിൽ ഏതെങ്കിലും ഒരു കക്ഷിയുടെ അഹന്തക്ക് കുരുതിയായിത്തീരുന്ന വിദ്യാർത്ഥികളുടെ ഗതികേട് അച്ഛനെ വേദനിപ്പിച്ചിരുന്നു. വിദ്യാർത്ഥിസമരംമൂലം തടയപ്പെട്ട ബസ്സിൽ, മരണശയ്യയിൽ കിടക്കുന്ന അച്ഛനെ ഇനി കാണില്ലല്ലോ എന്ന് വ്യഥിതമാകുന്ന തരുണഹൃദയത്തോട്, ശരിയേത് എന്ന് വിശദീകരിക്കേണ്ടതില്ല.

'ഒരു വിദ്യാർത്ഥി ഭവാൻ ഊഹിപ്പേൻ ...
ആശാവഹമാം മൗനം!
വയ്യാ നുണയവനെന്നൊടു
സത്യം പറയാൻ നാണം'
(ആശാവഹമായ മൗനം)

സമരങ്ങൾ അനദ്ധ്യായദിനങ്ങൾക്ക് ഊട്ടം കൂട്ടുമ്പോൾ നിഷ്ഫലമായി തീർന്നൊടുങ്ങുന്ന കലാലയജീവിതം ഞങ്ങളുടെ മനസ്സിൽ വിങ്ങുന്ന മുറിവായിരുന്നു. ഭആശാവഹമായ മൗനം ആശയസ്ഫുടതയില്ലാതെ കുഴങ്ങുന്ന കൗമാര മനസ്സിന് ഒരു വഴികാട്ടിയായി. ആശയത്തിലും കാഴ്ച്ചപ്പാടിലും അച്ഛൻ കവിതയിൽ പ്രകടിപ്പിച്ചിരുന്ന ഈ സ്ഥൈര്യവും വ്യക്തതയും വ്യക്തിജീവിതത്തിൽ വിഷമഘട്ടങ്ങൾ തരണം ചെയ്യാൻ എന്നെ സഹായിച്ചിട്ടുണ്ട്.

രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ തുടർച്ചയും പൂരണവും ആയ മാനവവികാസസങ്കൽപ്പം അച്ഛന് എന്നും പ്രധാനമായിരുന്നു. ജന്മിത്വത്തിന്റെ തായ്വേർ മുറിച്ചതിനെ തുടർന്ന് സംഭവിക്കേണ്ട വികാസപ്രക്രിയ പത്തുസെന്റെന്ന മൈനാകത്തിൽ ഒതുങ്ങിക്കൂടരുത്. ഒട്ടും ക്ഷിപ്രസാധ്യമല്ലാത്ത ലക്ഷ്യത്തിലേക്ക് ചവിട്ടിക്കുതിക്കാൻ സാധകമാകണം ആ മൈനാകശൃംഗം. പരിവർത്തനത്തിന്റെ ഉള്ളടക്കത്തെപ്പറ്റി അച്ഛനുണ്ടായിരന്ന ആകാംക്ഷകൾ അനേകമായിരുന്നു.

കാലവർഷത്തിന്റെ ഇടിയും, മിന്നലും, കാറ്റും, കരിങ്കാറും, പൂത്തമാവും, കൈതപ്പൂവും, കാശാവും എല്ലാം അച്ഛന്റെ ഉത്സാഹവും ഉത്സവവും ആയിരുന്നു. ഇടവപ്പാതിയിലെ നനഞ്ഞ രാത്രികൾ 'അറബിക്കടലിൽ മുറുകും തന്ത്രികളാരോ മീട്ടുവതോടൊപ്പം' പാടുന്ന ഗന്ധർവ്വന്റെ നാദത്താൽ മുഖരിതമായിരുന്നു. പ്രകൃതിയുടെ ഓരോ ഭാവങ്ങളും ചലനങ്ങളും അച്ഛൻ തൊട്ടറിഞ്ഞിരുന്നു. മാവ്

പൂക്കുന്ന കാലം, യാത്രപറഞ്ഞശേഷവും പിരിയാൻ മടിക്കുന്ന തിരുവാതിരക്കാറ്റ്, ഇതെല്ലാം പുത്തില്ലത്തെതൊടി ഞങ്ങൾക്ക് അനുഭൂതി മധുരമാക്കുമ്പോൾ, അച്ഛൻ അവയെ വരികളിലൂടെ അനശ്വരമാക്കി. (പുത്തില്ലം: പൊന്നാനിയിൽ ഞങ്ങളുടെ വീട്)

‘മാമരം കോച്ചും തണുപ്പത്ത്
താഴ്വര പൂത്തോരു കുന്നത്ത്
മൂടിപ്പുതച്ചു കിടക്കും കാറ്റേ,
മൂളിക്കുതിച്ചു പറന്നാട്ടെ
കുന്നിൽ നിന്നൊരു കുന്നിൽച്ചവിട്ടി
കൂറ്റൻ കരിമ്പന പൊക്കിച്ചുഴറ്റി
മാനത്തുള്ളൊരു മൂധേവിപ്പട
പായും പടിയ്ക്കു നീ വന്നാട്ടെ’
(പൂത്തമാവിനെ പറ്റി)

ഭാവിയെപറ്റി നെഞ്ചിൽ ചേർത്തുപിടിക്കേണ്ട ഒരു സങ്കൽപ്പം ഉണ്ടായിരിക്കണം എന്ന് അച്ഛനുണ്ടായിരുന്നു. ആ ദീർഘവീക്ഷണം സ്വപ്നസന്നിഭവും ആയിരിക്കണം. ‘രാപ്പാടി ചിന്തിച്ചു, പാട്ടെത്ര പാടി ഞാനിപ്പാട്ടിനോളം പ്രസാദമില്ലൊന്നിനും എന്തതെന്നോ? കവി പാടുന്നു ലോകമിതെന്താകുമെന്നു ശതാബ്ദങ്ങൾ നീങ്ങിയാൽ’ മൗലികതയുടെ തിളക്കമാർന്ന പ്രവൃത്തിയും ചിന്തയും അച്ഛൻ വളരെ ശ്ലാഘിച്ചിരുന്നു. ‘എനിക്കിതേ വേണ്ടു പറഞ്ഞു പോകരുതിതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം’ എന്നായിരുന്നു വാശി. അതായിരിക്കാം കൂട്ടം തെറ്റി മേയുന്നവരെ ഏറെക്കുറെ അച്ഛന് ഉൾക്കൊള്ളാൻ സാധിച്ചിരുന്നത്. ചില അനന്യമായ വീക്ഷണവിശേഷങ്ങളും ഈ പ്രകൃതത്തിന്റെ മറ്റൊരു വശമായിരിക്കാം. അച്ഛന്റെ ഹീറോ ഹനൂമാനായിരുന്നു, ശ്രീരാമൻ ആയിരുന്നില്ല.

‘പോർക്കലിയാവേശിക്കെയാരക്തവക്ത്രൻ, വാലും
പൊക്കിയമ്മാറിൽ ശസ്ത്രാഘാതത്തീ ചിതറിച്ചും
മുന്നോട്ടു മുന്നോട്ടാഞ്ഞു കുതിച്ചു കേറും ഭവ
ദുന്നത സ്വരൂപമെൻ ധ്യാനത്തിൽ തെളിയാവൂ.’
(ഹനൂമൽസേവ തുഞ്ചൻ പറമ്പിൽ)

ദുർദ്ദമശക്തികൾ ജീവന്റെ തൊട്ടിലാട്ടുന്ന വിസ്മയം കണ്ടെത്തുന്നതും അസാധാരണമായ വീക്ഷണമായി തോന്നുന്നു.

‘ദുർബലതേ, നീ മാതാവാകെ,
പ്രതിഭടശക്തികൾ നിൻ കുഞ്ഞിൻ പൂ
ന്തൊട്ടിൽ പതുക്കനെയാട്ടുന്നൂ; നിൻ
കൽപ്പന വിശ്വനിയാമക ശക്തി;
അത്ഭുതമേലില്ലാ ഞാ, നബ്ധി
ത്തിരകൊളൊരീറ്റില്ല ച്ചുമരായാൽ
അഗ്നി ശിഖാവലി ചിറകുമുളയ്ക്കാത്തൈ
പ്പതങ്ങൾക്കൊരു ധാത്രിയുമായാൽ’
(കാറ്റും വെളിച്ചവും)

കയർ പിരിക്കും സോദരിമാരുടെ, പുത്തൻ കലം പുത്തരിക്ക് ഉതകാതിരുന്ന കുടുംബിനിമാരുടെ, ദാരിദ്ര്യം കശക്കിയെറിഞ്ഞ പൈതങ്ങളുടെ, അവരുടെ അമ്മമാരുടെ, തിരസ്കൃതരായ പെങ്ങന്മാരുടെ ഒക്കെ തീരാദുഃഖം പേറി നടന്ന അച്ഛന്റെ ചേരി ഏതെന്ന് ഒരു സംശയവും ഇല്ല. പക്ഷേ, അവരിലാരുംതന്നെ, അസഹനീയമായ ദുഃഖം അനുഭവിക്കുമ്പോഴും, ഹതാശരാകുന്നില്ല. അവർ കൂടുതൽ ശക്തിയാർജ്ജിക്കുകയാണ് ചെയ്യുന്നത്; അതാകട്ടെ, അത്ഭുതകരവുമായ കവനപ്രക്രിയയിലൂടെ ഔചിത്യമാർന്നതും വിശ്വസനീയവും ആകുന്നു.

‘കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ!’
(പണിമുടക്കം)

‘അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ!’
(പുത്തൻ കലവും അരിവാളും)

‘തെരുവിൽ കൂർത്ത ചരൽക്കല്ലുകളിൽ
ജീവിതരക്തം പാറ്റിക്കൊണ്ടവൾ
കരുതിയിറങ്ങി ... ... ... ...’
(പെങ്ങൾ)

കേരളത്തിൽ ശക്തിയാർജ്ജിച്ച തൊഴിലാളി പ്രസ്ഥാനം മേൽക്കാണിച്ച പല ജീവിത സമരമുഖ

ങ്ങളും ഏറ്റെടുത്തെങ്കിലും, സ്ത്രീ ഇന്നും പല കാര്യങ്ങളിലും ചൂഷിതയായി തുടരുന്നു. അച്ഛൻ സ്വന്തം ചിന്താ പദ്ധതിയിൽ വളരെ പ്രാധാന്യം നൽകിയ കാര്യമായിരുന്നു സ്ത്രീയുടെ മുക്തി. ഒരു പക്ഷേ, കെട്ടുപോകാതിരിക്കാൻ നമ്മൾ ദത്തശ്രദ്ധരാകേണ്ട വഴിവിളക്കുകളിൽ ഒന്നായിരിക്കാം ഇത്. അരവിന്ദന്റെ പ്രശസ്ത കാർട്ടൂൺ കഥാപാത്രം (ഗുരുജിയാണെന്ന് ഓർമ്മ) പറഞ്ഞപോലെ 'സെന്റിമെന്റ്സ് വേണം; പക്ഷേ, സെന്റിമെന്റൽ ആകരുത്!' ഒരിക്കലും സെന്റിമെന്റൽ ആയിരുന്നില്ല എങ്കിലും അച്ഛന്റെ സ്വാന്തനസ്പർശം, അതിനു പാത്രമാകാൻ ഭാഗ്യം സിദ്ധിച്ചവരെ ആയുഷ്കാലം സെന്റിമെന്റൽ ആക്കാൻ പോരുന്നതായിരുന്നു! 'വീടാക്കടമേ മമ ജന്മം' എന്ന ഹൃദയഭാരമായിരുന്നുവോ, അപരന്റെ ക്ഷേമത്തിന് മുൻതൂക്കം നൽകിയിരുന്ന ആ മനോഭാവത്തിന് പിന്നിൽ? എന്തായാലും പ്രപഞ്ചവിധാതാവിനോടുള്ള ഒരു വലിയ നന്ദിപ്രകടനം തന്നെയായിരുന്നു അച്ഛന് ജീവിതം. അതുതന്നെയാണ് ഞാൻ അച്ഛനിൽ നിന്ന് ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്ന ജിവിത പാഠം.